പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 417 — 10. 03. 2015 ൽ മറുപടിക്ക്

സി.എഫ്.എൽ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി

ചോദ്യം — ഉത്തരം

ശ്രീ. എ. കെ. ബാലൻ — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉപയോഗശൂന്യമായ സി.എഫ്.എൽ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ? | (എ) & (ബി) | ഇല്ല; ഉപയോഗശൂന്യമായ സി.എഫ്.എൽ, ഫ്ലൂറസെന്റ് ട്യൂബ് എന്നിവ ദോഷരഹിതമായി സംസ്കരിക്കുന്നതിനുള്ള ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ ചുമതലപ്പെടുത്തിയ ഐ.ആർ.ജി. സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ഈ വിഷയത്തിൽ വിശദപഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആയത് പഠന വിധേയമാക്കി വരികയാണ്. |
| (ബി) | ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ? ഏത് ഏജൻസിയാണ് തയ്യാറാക്കിയത്? വിശദാംശങ്ങൾ വ്യക്തമാക്കുമോ? | | |
| (സി) | സി.എഫ്.എൽ ന്റെ റീ സൈക്ലിംഗ് പ്ലാന്റ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ? | (സി) | കേരളത്തിൽ റീസൈക്ലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശമാണ് ഐ.ആർ.ജി. സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. ചർച്ചകൾക്ക് ശേഷം അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരുന്നു |
| (ഡി) | പ്രസ്തുത പ്രോജക്ട് തയ്യറാക്കുന്നതിനും റീ സൈക്ലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനും മൂലധനത്തിനും മറ്റ് ചെലവുകൾക്കുമായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ? ഏതു വർഷമാണ് തുക വകയിരുത്തിയത്? ഇതിൽ എത്ര രൂപ ഇതുവരെ ചെലവഴിച്ചു? വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | വിശദപഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 2013 -14 ബഡ്ജറ്റിൽ 15 ലക്ഷം രൂപയും, 2014 - 15 ൽ 7 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വിശദ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി ഇതുവരെ 11.83 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ